"ഭരണഭാഷ - മാതൃഭാഷ"
വ്യാവസായിക പരിശീലനവകുപ്പ്
(കേരളസംസ്ഥാനം)

ജോയിന്റ് ഡയറക്ടറുടെ നടപടിക്രമം
(നിലവിൽ: നഹാസ് എം എസ്)

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ് - ജീവനക്കാര്യം -കമ്പ്യൂട്ടർ ഓപ്പറേറ്റർ & പ്രോഗ്രാമ്മിംഗ് അസ്സിസ്റ്റന്റ് ട്രേഡിലെ വർക്ക്ഷോപ്പ് അറ്റൻഡർ തസ്തികയിലെ സ്ഥാനക്കയറ്റവും പൊതുസ്ഥലമാറ്റവും - ഉത്തരവാകുന്നു

പരാമർശം:- 1. സ.ഉ.(എം.എസ്) നം.145/2015/തൊഴിൽ തീയതി: 23.09.2015
2.സ.ഉ.(സാധാ) നം.603//2017/തൊഴിൽ തീയതി:05.05.2017
3.സ.ഉ.(സാധാ) നം.1301//2019/തൊഴിൽ തീയതി:26.10.2019

ഉത്തരവ് നമ്പർ: DT/41188/2018-A6 തീയതി: 29/09/2020

കേരള ക്രാഫ്റ്റ്സ്മാൻ ട്രെയിനിംഗ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് ചട്ടം 3 (4) പ്രകാരം വ്യാവസായിക പരിശീലന വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ ജീവനക്കാരിൽ ബന്ധപ്പെട്ട ട്രേഡിലെ നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റും ഏഴാം ക്ലാസ് യോഗ്യതയുമുള്ളവരെ സ്ഥാനക്കയറ്റം നൽകി വർക്ക്ഷോപ്പ് അററൻഡർ തസ്തികയിൽ നിയമിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. രണ്ടാം പരാമർശ ഉത്തരവ് പ്രകാരം ഡിപ്ലോമ, ബിടെക് യോഗ്യതയുള്ള വ്യാവസായിക പരിശീലന വകുപ്പിലെ 27 ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് വർക്ക്ഷോപ്പ് അറ്റൻഡർ തസ്തികയിൽ സ്ഥാനക്കയറ്റം നൽകുന്നതിന് സർക്കാർ അനുമതി നൽകിയിരുന്നു.

ചാത്തന്നൂർ ഐ.ടി.ഐയിലെ വാച്ച്മാൻ തസ്തികയിൽ സേവനത്തിലുള്ള നിലവിലെ ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ ഗ്രഡേഷൻ ലിസ്റ്റിൽ ക്രമ നം . 888 ആയി ഉൾപ്പെടുത്തപ്പെട്ടിട്ടുള്ള ശ്രീ. അരുൺ. എം.നായർ ബി.എസ്.സി കമ്പ്യൂട്ടർ സയൻസ് യോഗ്യതയുള്ളയാളാണ്. എഞ്ചിനീയറിംഗ്, ഡിപ്ലോമ ഡിഗ്രിയുള്ള ജീവനക്കാരെ പരിഗണിച്ചതിനാൽ രണ്ടാം പരാമർശ ഉത്തരവിൽ നിന്നും ശ്രീ. അരുൺ എം.നായർ ഒഴിവാക്കപ്പെട്ടിരുന്നു.

ബി.എസ്.സി കമ്പ്യൂട്ടർ സയൻസ് യോഗ്യത ഡിപ്ലോമയ്ക്ക് തുല്യമായി ഒന്നാം പരാമർശ ഉത്തരവ് പ്രകാരം നിശ്ചയിച്ചിട്ടുള്ളതിനാൽ രണ്ടാം പരാമർശ ഉത്തരവിൽ ഉൾപ്പെടുത്തുന്നതിന് തനിക്കും അർഹതയുണ്ട് എന്നും ആയതിനാൽ കമ്പ്യൂട്ടർ ഓപ്പറേറ്റർ ആന്റ് പ്രോഗ്രാമിംഗ് അസിസ്റ്റന്റ് ട്രേഡിൽ തന്നെ സ്ഥാനക്കയറ്റത്തിനായി പരിഗണിക്കണമെന്നും ആവശ്യപ്പെട്ട് ശ്രീ. അരുൺ.എം.നായർ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ OA1901/17 നമ്പരായ ഹർജി ഫയൽ ചെയ്തു. ശ്രീ. അരുൺ.എം.നായർ സമർപ്പിക്കുന്ന നിവേദനത്തിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട തൊഴിലും നൈപുണ്യവും വകുപ്പ് സെക്രട്ടറി ടിയാളെ നേരിൽ കേട്ട് ടിയാളുടെ ആവശ്യത്തിൽ ഉചിത തീരുമാനം എടുക്കുന്നതിന് ശിപാർശ 27.02.2019- ൽ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഉത്തരവായി.

ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ 21.05.2019- ൽ ശ്രീ. അരുൺ.എം.നായരെ സർക്കാർ തലത്തിൽ നേരിൽ കേട്ടു. ഒന്നാം പരാമർശ ഉത്തരവ് പ്രകാരം ബി.എസ്.സി കമ്പ്യൂട്ടർ സയൻസ് യോഗ്യത ഡിപ്ലോമയ്ക്ക് തുല്യമായി നിശ്ചയിച്ച് ഉത്തരവായിട്ടുള്ളതിനാൽ രണ്ടാം പരാമർശ ഉത്തരവിന്റെ ആനുകൂല്യത്തിന് ശ്രീ . അരുൺ എം.നായർ അർഹനാണ് എന്നും ആയതിനാൽ ടിയാളുടെ ജൂനിയർ ആയ

ജീവനക്കാർക്ക് ആർക്കെങ്കിലും ടി ഉത്തരവിന്റെ ആനുകൂല്യത്തിൽ കമ്പ്യൂട്ടർ ഓപ്പറേറ്റർ ആന്റ് പ്രോഗ്രാമിംഗ് അസിസ്റ്റന്റ് ട്രേഡിൽ വർക് ഷോപ്പ് അറ്റൻഡർ തസ്തികയിൽ സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്. എങ്കിൽ ടി ജീവനക്കീരിൽ ഏറ്റവും ജൂനിയർ ആയ ജീവനക്കാരനെ തരം താഴ്ത്തി ശ്രീ. അരുൺ എം.നായർക്ക് വർക് ഷോപ്പ് അറ്റൻഡർ തസ്തികയിൽ സ്ഥാനക്കയറ്റം നൽകണമെന്ന് മൂന്നാം പരാമർശ പ്രകാരം സർക്കാർ ഉത്തരവായി.

ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ നടത്തിയ പരിശോധനയിൽ കമ്പ്യൂട്ടർ ഓപ്പറേറ്റർ ആന്റ് പ്രോഗ്രാമിംഗ് അസിസ്റ്റന്റ് ട്രേഡിൽ ശ്രീ.അരുൺ എം.നായരുടെ ജൂനിയർ ആയ ഗ്രഡേഷൻ ലിസ്റ്റിലെ 909 നമ്പരായ ശ്രീ. അനൂപ്. ആർ.എസ് എന്നയാൾക്ക് മാത്രമേ സ്ഥാനക്കയറ്റം നകിയിട്ടുള്ളൂ എന്ന് കണ്ടെത്തി. എന്നാൽ ക്രമ നം.808 ആയ ട്രെയിനിംഗ് ഡയറക്ടറേറ്റിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ. ഷിജിൻ മാണിക്യം ബി.എസ്.സി കമ്പ്യൂട്ടർ സയൻസ് യോഗ്യതയുള്ളയാളാണ് എന്നും ശ്രീ. അനൂപ്. ആർ. .എസ്-നെ തരം താഴ്ത്തിയാൽ ശ്രീ. ഷിജിൻ മാണിക്യത്തിനാണ് ടി ഒഴിവിലേക്ക് സ്ഥാനക്കയറ്റത്തിന് അർഹത എന്നും കണ്ടെത്തി. ശ്രീ. അരുൺ.എം.നായർക്ക് സ്ഥാനക്കയറ്റത്തിനായി മറ്റ് ഒഴിവുകൾ ഇല്ലാത്തതിനാൽ ടി വിഷയത്തിൽ നടപടികൾ സംബന്ധിച്ച് സർക്കാരിലേയ്ക്ക് കത്ത് നൽകിയിരുന്നു.

ടി വസ്തുതകൾ നിലനിൽക്കെ 22.06.2020 ലെ DT/1273/2019-A2 നമ്പർ ഉത്തരവ് പ്രകാരം കമ്പ്യൂട്ടർ ഓപ്പറേറ്റർ ആന്റ് പ്രോഗ്രാമിംഗ് അസിസ്റ്റന്റ് ട്രേഡിലെ വർക് ഷോപ്പ് അറ്റൻഡർ തസ്തികയിലെ രണ്ട് ജീവനക്കാർക്ക് ജൂനിയർ ഇൻസ്ട്രക്ടർ തസ്തികയിൽ സ്ഥാനക്കയറ്റം നൽകിയത് വഴി രണ്ട് ഒഴിവുകൾ ടി ട്രേഡിലെ വർക് ഷോപ്പ് അറ്റൻഡർ തസ്തികയിൽ നിലവിൽ വന്നിട്ടുണ്ട്. മൂന്നാം പരാമർശ ഉത്തരവിലെ നിർദ്ദേശ പ്രകാരം ടി ഒഴിവുകളിൽ ശ്രീ. ഷിജിൻ മാണിക്യം, ശ്രീ. അരുൺ എം.നായർ എന്നിവർക്കാണ് സ്ഥാനക്കയറ്റം നൽകേണ്ടത്.

കമ്പ്യൂട്ടർ ഓപ്പറേറ്റർ ആന്റ് പ്രോഗ്രാമിംഗ് അസിസ്റ്റന്റ് ട്രേഡിലെ ഒഴിവുകൾ സംബന്ധമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ഐ.ടി.ഐ (വ) കണ്ണൂർ - ഒരു ഒഴിവ്
2. ഐ.ടി.ഐ (വ) കൊല്ലം - ഒരു ഒഴിവ്

21.05.2020- ലെ DT/1717/2020 നമ്പരായ സർക്കുലർ പ്രകാരം 2020 വർഷത്തെ പൊതു സ്ഥലമാറ്റത്തിനായി കമ്പ്യൂട്ടർ ഓപ്പറേറ്റർ ആന്റ് പ്രോഗ്രാമിംഗ് അസിസ്റ്റന്റ് ട്രേഡിലെ താഴെപ്പറയുന്ന വർക് ഷോപ്പ് അറ്റൻഡർമാർ അപേക്ഷ നൽകിയിട്ടുണ്ട്.

| ക്രമ നം. | അപേക്ഷകർ | സ്ഥലം മാറ്റം അപേക്ഷിച്ചിട്ടുള്ള സ്ഥാപനങ്ങൾ | റിമാർക്സ് |
|---|---|---|---|
| 1 | ഹരിലാൽ.എച്ച്<br>ഗവ.ഐ.ടി.ഐ (വ)<br>ചാലക്കുടി | ഐ.ടി.ഐ (വ) കൊല്ലം, ഐ.ടി.ഐ ചന്ദനത്തോപ്പ്, ഐ.ടി.ഐ (വ) ചെങ്ങന്നൂർ | 31.07.2017-മുതൽ നിലവിലെ സ്ഥാപനത്തിൽ സേവനത്തിൽ തുടരുന്നു |
| 2 | ഷിബു. ജെ<br>PEN. 626797<br>ഐ.ടി.ഐ (വ)<br>ചെങ്ങന്നൂർ | ഐ.ടി.ഐ (വ) കൊല്ലം | 24.07.2017 മുതൽ നിലവിലെ സ്ഥാപനത്തിൽ, എസ്.സി. വിഭാഗം, ഭാര്യ സർക്കാർ ജീവനം |

| | | | |
|---|---|---|---|
| 3 | സുനിൽ ജോർജ്ജ് PEN.218285 ഐ.ടി.ഐ (വ) മലമ്പുഴ | ഐ.ടി.ഐ (വ) ചെങ്ങന്നൂർ | 7 വർഷവും നാല് മാസവും പുറം ജില്ലാ സേവനം 02.08.17 മുതൽ നിലവിലെ സ്ഥാപനത്തിൽ തുടരുന്നു |

പൊതു സ്ഥലം മാറ്റത്തിനായി നിശ്ചയിട്ടുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ താഴെപ്പറയും പ്രകാരം ടി അപേക്ഷകൾ പരിഗണിച്ച് ഉത്തരവാകുന്നു.

| ക്രമ നം. | സ്ഥലം മാറ്റം അനുവദിക്കുന്ന ജീവനക്കാരന്റെ പേര് | നിലവിലെ സ്ഥാപനം | സ്ഥലം മാറ്റം അനുവദിക്കുന്ന സ്ഥാപനം |
|---|---|---|---|
| 1 | ഷിബു. ജെ, PEN 626797 | ഐ.ടി.ഐ (വനിത) ചെങ്ങന്നൂർ | ഐ.ടി.ഐ (വനിത) കൊല്ലം |
| 2 | സുനിൽ ജോർജ്ജ് PEN 218285 | ഐ.ടി.ഐ (വനിത) മലമ്പുഴ | ഐ.ടി.ഐ (വനിത) ചെങ്ങന്നൂർ |

ടി സ്ഥലം മാറ്റങ്ങൾക്ക് ശേഷം താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ കമ്പ്യൂട്ടർ ഓപ്പറേറ്റർ ആന്റ് പ്രോഗ്രാമിംഗ് അസിസ്റ്റന്റ് ട്രേഡിലെ വർക് ഷോപ്പ് അറ്റൻഡർ തസ്തികയിൽ ഓരോ ഒഴിവ് വീതം നിലവിൽ വരുന്നു.

1. ഐ.ടി.ഐ (വനിത) കണ്ണൂർ
2. ഐ.ടി.ഐ (വനിത) മലമ്പുഴ

ടി ഒഴിവുകളിലേയ്ക്ക് 05.11.2019- ലെ ഡിറ്റി /1936/2019-എ 2 ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ചിരുന്ന ഗ്രഡേഷൻ ലിസ്റ്റിലെ താഴെപ്പറയുന്ന ജീവനക്കാർക്ക് KS&SR ചട്ടം 31 (എ) (1) പ്രകാരം താൽക്കാലികാടിസ്ഥാനത്തിൽ 18,000 - 41,500 രൂപ ശമ്പള നിരക്കിൽ കമ്പ്യൂട്ടർ ഓപ്പറേറ്റർ ആന്റ് പ്രോഗ്രാമിംഗ് അസിസ്റ്റന്റ് ട്രേഡിൽ വർക് ഷോപ്പ് അറ്റൻഡർ തസ്തികയിൽ സ്ഥാനക്കയറ്റം നൽകി അവരുടെ പേരിന് നേരെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിയമനം നൽകി ഉത്തരവാകുന്നു.

| ക്രം നം. | ഗ്രഡേഷൻ ലിസ്റ്റിലെ ക്രമ നം. | ഉദ്യോഗസ്ഥന്റെ പേര് / ഉദ്യോഗപ്പേര്/ നിലവിലെ സ്ഥാപനം | വർക് ഷോപ്പ് അറ്റൻഡർ തസ്തികയിൽ സ്ഥാനക്കയറ്റം നൽകി നിയമിക്കുന്ന സ്ഥാപനം | വിദ്യാഭ്യാസ യോഗ്യത |
|---|---|---|---|---|
| 1 | 808 | ഷിജിൻ മാണിക്യം PEN. 201328 | ഐ.ടി.ഐ | എസ്.എസ്.എൽ.സി, |

| | | | | |
|---|---|---|---|---|
| | | ഓഫീസ് അറ്റൻഡന്റ് ട്രെയിനിംഗ് ഡയറക്ടറേറ്റ് | (വനിത) കണ്ണൂർ | ബി.എസ്.സി. കമ്പ്യൂട്ടർ സയൻസ് |
| 2 | 888 | അരുൺ.എം.നായർ<br>PEN 724462<br>വാച്ച്മാൻ, ഐ.ടി.ഐ ചാത്തന്നൂർ | ഐ.ടി.ഐ (വനിത) മലമ്പുഴ | എസ്.എസ്.എൽ.സി, ബി.എസ്.സി. കമ്പ്യൂട്ടർ സയൻസ് |

ടി ജീവനക്കാരുടെ വർക് ഷോപ്പ് അറ്റൻഡർ തസ്തികയിലെ സീനിയോറിറ്റി ശ്രീ. അനൂപ്. ആർ. എസ്-ന് മുകളിലായി ക്രമീകരിക്കേണ്ടതാണ്.
സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാർക്ക് ക്രാഫ്റ്റ് ഇൻസ്ട്രക്ടർ ട്രെയിനിംഗ് വിജയിച്ചതിന് ശേഷം മാത്രമേ ജൂനിയർ ഇൻസ്ട്രക്ടർ തസ്തികയിൽ സ്ഥാനക്കയറ്റത്തിന് അർഹത ഉണ്ടായിരിക്കുകയുള്ളൂ.

കേരള ക്രാഫ്ട്സ്മെൻ ട്രെയിനിംഗ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് ചട്ടം 7 (1) പ്രകാരം ടി ബൈ ട്രാൻസ്ഫർ നിയമനം ലഭിച്ച ജീവനക്കാർക്ക് ആദ്യ 3 വർഷക്കാലയളവിലെ തുടർച്ചയായ രണ്ട് വർഷത്തെ സേവന കാലയളവ് പ്രൊബേഷൻ കാലമായിരിക്കുന്നതാണ്.

സ്ഥലം മാറ്റം/സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാരെ വിടുതൽ ചെയ്യുന്നതിന് ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ തുടർ നടപടി സ്വീകരിക്കേണ്ടതാണ്. ടി ജീവനക്കാരെ നിലവിലെ സ്ഥാപനത്തിൽ നിന്നും വിടുതൽ ചെയ്യുന്നതും, ടി ജീവനക്കാർ പുതിയ ലാവണത്തിൽ സേവനത്തിൽ പ്രവേശിക്കുന്നതും യഥാസമയം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്.

ടി ഉദ്യോഗസ്ഥർക്ക് നിമാനുസൃതമായ പ്രവേശന കാലത്തിനും, യാത്രാബത്തക്കും അർഹതയുണ്ടായിരിക്കുന്നതാണ്.

(ഒപ്പ്)
ജോയിന്റ് ഡയറക്ടർ ഓഫ് ട്രെയിനിംഗ്

സ്വീകർത്താവ് :-

1. സ്ഥലമാറ്റം/സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാർ (സ്ഥാപന മേധാവികൾ മുഖേനെ)
2. എല്ലാ ഐടിഐ പ്രിൻസിപ്പാൾമാർക്കും

പകർപ്പ് :-

1. ഡയറക്ടർ/അഡീഷണൽ ഡയറക്ടർ/ജോയിൻറ് ഡയറക്ടർ എന്നിവരുടെ സി എ മാർ
2. ജോയിൻറ് ഡയറക്ടർ ,മേഖലാ കേന്ദ്രം കണ്ണൂർ
3. ആസ്ഥാന കാര്യാലയത്തിലെ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലെ ജീവനക്കാർ
4. ആസ്ഥാന കാര്യാലയത്തിലെ അക്കൗണ്ട്സ് ഓഫീസർ , അഡ്മിനിസ്ട്രേറ്റീവ് അസ്സിസ്റ്റൻറ് , ട്രേഡ് ടെസ്റ്റ് ഓഫീസർ ,സീനിയർ സൂപ്രണ്ട് , ജൂനിയർ സൂപ്രണ്ട് തസ്തികയിലെ ജീവനക്കാർ
5. സ്റ്റോക്ക് ഫയൽ (എ 6)

//ഉത്തരവിൻ പ്രകാരം//
Reji.S
സീനിയർ സൂപ്രണ്ട്